**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ' ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതി പ്രകാരം പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളേയും നിർവഹണ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി കിലയുടെ നേതൃത്വത്തിൽ 'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയുടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിലൂടെ 1757 തദ്ദേശ ഭരണ സ്ഥാപന മേധാവികൾ/വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, 495 ജില്ലാതല നിർവഹണ ഉദ്യോഗസ്ഥർ, 7760 ജന പ്രതിനിധികൾ, 1632 ബ്ലോക്ക് ലെവൽ ഓഫീസർമാർ, 7662പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല നിർവഹണ ഉദ്യോഗസ്ഥർ, 1449 റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുക്കുകയുണ്ടായി. പൊതുവിൽ സങ്കീർണ്ണമായ ഒരു ഉള്ളടക്കത്തെ വളരെ ലളിതമായ രീതികൾ ഉപയോഗിച്ച് താഴെ തലം വരെ എത്തിക്കാൻ കിലയുടെ സഹകരണത്തോടെ വിവിധ വിഭാഗങ്ങൾക്ക് വിവിധ തലത്തിലും വിവിധ ഉള്ളടക്കത്തോടും കൂടിയ പരിശീലന പരിപാടികളാണ് നടത്തിയത്. ഇതിലേക്കായി ഒരു കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥാപനങ്ങളിൽ ആണ് നടപ്പിലാക്കിയതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം ആവശ്യമെങ്കിൽ അവ സമർപ്പിക്കാൻ ആഹ്വാനം ചെയ്തത് പ്രകാരം 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസന പ്രശ്നങ്ങൾ 'സുലേഖ' ഓൺലൈൻ പോർട്ടലിൽ കെ-ഡിസ്ക് ഒരുക്കിയ രജിസ്ട്രേഷൻ ലിങ്ക് വഴി |

സമർപ്പിക്കപ്പെട്ടുകയുണ്ടായി.

തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി, കെ-ഡിസ്ക്കും കിലയും സംയുക്തമായി മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മൂന്ന് ശിൽപശാലകൾ നടത്തുകയുണ്ടായി. ഈ ശില്പശാലകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളുടെ വിവിധങ്ങളായ തലങ്ങൾ മനസ്സിലാക്കുകയും അവയുടെ വിശകലനം നടത്തുകയും ചെയ്തു. തുടർന്ന്, അവയുടെ സാമൂഹിക-സാമ്പത്തിക, ഭരണപരമായ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം അതതു വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താൽ നടത്തി വരുകയാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരുക്ക പട്ടിക ചുവടെ ചേർക്കുന്നു.

- സമർപ്പിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതത് മേഖലയിലെ വിദഗ്ധരുമായി കണ്ണി ചേർത്ത് ശില്പശാലകൾ നടത്തി.
- കിലയുടെ ജില്ലാതല കോർഡിനേറ്റർമാരുടെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും തുടർപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്ന (liaisoning) പ്രവർത്തനം നടത്തി വരുന്നു.
- 27 വിഷയ മേഖലകളിൽ 1500-ലധികം പേരെ ചേർത്ത് വിദഗ്ധ കൂട്ടായ്മ (കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്) രൂപീകരിച്ചു.
- തദ്ദേശ സ്ഥാപനതലത്തിൽ വിവരശേഖരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 400 ഇന്റേൺസിനു പരിശീലനം നൽകി വരുന്നു.
- DPR തയാറാക്കുന്നതിന് മുന്നോടിയായി പ്രിലിമിനറി പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് വേണ്ടി ഐ.ഐ.ടി. ബോംബെ, കേരള സർവകലാശാല, കാലിക്കറ്റ് സർവകലാശാല ഉൾപ്പെടെ 8 അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ OLOI പ്രൊജക്റ്റ് ലൈഫ് സൈക്കിളിന്റെ വിവിധ തലങ്ങളിൽ പങ്കാളികളായി.
- നൂതനാശയ സമാഹരണത്തിന് ലോക്കൽ ഇന്നോവേഷൻ പോർട്ടലിനു രൂപം നൽകിയിട്ടുണ്ട്.
- നൂതനാശയ സമാഹാരണത്തിന്റെ ഭാഗമായി 177 നൂതന ആശയങ്ങൾ സമർപ്പിക്കുകയും

| | | | |
|---|---|---|---|
| | | | അവയെ 2 ഘട്ടങ്ങളിൽ ആയി വിശദമായ പരിശോധന നടത്തുകയുണ്ടായി. ഇവയിൽ നിന്ന് 21 നൂതനാശയങ്ങളെ അവസാന ഘട്ട പരിശോധനക്കായി തിരഞ്ഞെടുത്തു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ക്രമനം. | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര് | സമർപ്പിച്ച പ്രശ്നം |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | ഇലകമൺ ഗ്രാമപഞ്ചായത്ത് | ശുദ്ധ ജല ക്ഷാമം |
| 2 | കൊല്ലം | കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| 3 | പത്തനംതിട്ട | വള്ളിക്കോട് ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | ചിറ്റാർ ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | ആറന്മുള ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| 4 | ആലപ്പുഴ | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | രാമങ്കരി ഗ്രാമ പഞ്ചായത്ത് | വെള്ളത്താൽ ചുറ്റപ്പെട്ട താഴ്ന്ന പ്രദേശങ്ങളിലെ സിവറേജ് നിർമ്മാർജനം |
| | | മുഹമ്മ ഗ്രാമപഞ്ചായത്ത് | ക്ലാം പ്രോസസ്സിംഗ് |
| | | അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | മുളക്കുഴ ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| 5 | കോട്ടയം | എലിക്കുളം ഗ്രാമ പഞ്ചായത്ത് | വയോജന പരിപാലനം |
| | | മണർകാട് ഗ്രാമപഞ്ചായത്ത് | വയോജന പരിപാലനം |
| | | ചിറക്കടവ് ഗ്രാമപഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും |

| | | | |
|---|---|---|---|
| | | | വിപണി കണ്ടെത്തലും |
| | | വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് | പക്ഷിപ്പനി ഭീതിയെ നേരിടൽ |
| | | മറവൻ തുരുത്ത് ഗ്രാമ പഞ്ചായത്ത് | നീർചാലുകളുടെ ശോഷണം |
| | | പാലാ മുനിസിപ്പാലിറ്റി | മാലിന്യപ്രശ്നം |
| | | കോട്ടയം മുനിസിപ്പാലിറ്റി | വെള്ളപ്പൊക്കം |
| | | കുമരകം ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| 6 | ഇടുക്കി | മരിയാപുരം ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| 7 | എറണാകുളം | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | എടവനക്കാട് ഗ്രാമ പഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | പെരുമ്പാവൂർ മുനിസിപ്പാലിറ്റി | വയോജന പരിപാലനം |
| 8 | തൃശ്ശൂർ | പൂമംഗലം ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | എങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | താന്നിയം ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |

| | | | |
|---|---|---|---|
| | | വെങ്കിടങ്ങ് ഗ്രാമപ ഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | പൊയ്യ ഗ്രാമപഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | പാവറട്ടി ഗ്രാമപഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | പടിയൂർ ഗ്രാമപഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | തെക്കുംകര ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | അതിരപ്പള്ളി ഗ്രാമ പഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | മാടക്കത്തറ ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | ചേർപ്പ് ഗ്രാമപഞ്ചായത്ത് | നീർചാലുകളുടെ ശോഷണം |
| | | ചാഴൂർ ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | പുതുക്കാട് ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | എറിയാട് ഗ്രാമപഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് | ശുദ്ധ ജല ക്ഷാമം |
| 9 | പാലക്കാട് | തൃത്താല ഗ്രാമപഞ്ചായത്ത് | ശുദ്ധ ജല ക്ഷാമം |
| | | തച്ചമ്പാറ ഗ്രാമ പഞ്ചായത്ത് | തൊഴിൽ ആസൂത്രണം |
| 10 | മലപ്പുറം | പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് | BUDS സ്കൂളുകളുടെ പ്രശ്നങ്ങൾ |
| 11 | കോഴിക്കോട് | പെരുവയൽ ഗ്രാമ പഞ്ചായത്ത് | വെള്ളപ്പൊക്കം |
| | | പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് | തൊഴിൽ ആസൂത്രണം |
| | | കക്കോടി ഗ്രാമ പഞ്ചായത്ത് | തൊഴിൽ ആസൂത്രണം |

| | | | |
|---|---|---|---|
| | | കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| 12 | വയനാട് | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| | | പൊഴുതന ഗ്രാമപഞ്ചായത്ത് | മനുഷ്യ-വന്യജീവി സംഘർഷം |
| 13 | കണ്ണൂർ | കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| | | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് | കാർഷിക മേഖലയിലെ അഗ്രഗേഷനും വിപണി കണ്ടെത്തലും |
| 14 | കാസർകോട് | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | തൊഴിൽ ആസൂത്രണം |
| | | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | തൊഴിൽ ആസൂത്രണം |
| | | വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | തീരദേശ പ്രദേശങ്ങളിലടക്കമുള്ള കുടിവെള്ള പ്രശ്നം |
| | | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | മാലിന്യപ്രശ്നം |
| | | പൈവളികെഗ്രാമപഞ്ചായത്ത് | ശുദ്ധ ജല ക്ഷാമം |